# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3202 — 07.11.2019 -ൽ മറുപടിയ്ക്ക്

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്മാർട്ട് വില്ലേജ് ഓഫീസുകളെക്കുറിച്ച് വിശദീകരണം നൽകാമോ; | (എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഈ സാമ്പത്തിക വർഷം എത്ര വില്ലേജുകളാണ് സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) ഈ സാമ്പത്തിക വർഷം 50 വില്ലേജുകളാണ് സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നത് |
| (സി) വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (സി) കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയിലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. |
| (ഡി) വില്ലേജ് ഓഫീസുകളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; ആയതിൻെറ | (ഡി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക |

| | |
|---|---|
| പുരോഗതി അറിയിക്കാമോ? | രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയിലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് ഇതുവരെ 179 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയ്ക്കായി 2019-20 വർഷത്തിൽ 1800 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പണികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. [ചുറ്റുമതിൽ നിർമ്മാണം (80 വില്ലേജാഫീസുകൾ- വില്ലേജ് ഒന്നിന് 5 ലക്ഷം രൂപ പ്രകാരം 400 ലക്ഷം), അറ്റകുറ്റപ്പണി (80 വില്ലേജാഫീസുകൾ- വില്ലേജ് ഒന്നിന് 5 ലക്ഷം രൂപ പ്രകാരം 400 ലക്ഷം), അഡീഷണൽ റൂം നിർമ്മാണം (100 വില്ലേജാഫീസുകൾ- വില്ലേജ് ഒന്നിന് 10 ലക്ഷം രൂപ പ്രകാരം 1000 ലക്ഷം)] |

**സെക്ഷൻ ഓഫീസർ**